# മാങ്കുളം ഗ്രാമപഞ്ചായത്ത്
## ഭരണസമിതി അംഗങ്ങൾ

| | |
|---|---|
| **സാജു ജോസ്,കുന്നേൽ** | **-പ്രസിഡൻറ്** |
| **ഷൈനി മാത്യു,തൈക്കൂട്ടത്തിൽ** | **-വൈസ് പ്രസിഡൻറ്** |
| ജൂലി ജോസഫ് | -വികസന സ്റ്റാന്റിംഗ് കമ്മിറ്റി **ചെയർപേഴ്സൺ** |
| ജാൻസി ബിജു | -ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി **ചെയർപേഴ്സൺ** |
| ബീന മാത്യു | -ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി **ചെയർപേഴ്സൺ** |
| ബിജു പാപ്പാരിൽ | -വാർഡ് മെമ്പർ |
| മിൽക്ക ബിനു | - വാർഡ് മെമ്പർ |
| ധന്യ ഗണേശൻ | - വാർഡ് മെമ്പർ |
| നന്ദകുമാർ എം. | - വാർഡ് മെമ്പർ |
| സിനി സജീവ്കുമാർ | - വാർഡ് മെമ്പർ |
| റോയ് എം.ജെ | - വാർഡ് മെമ്പർ |
| സുനിൽ എ.പി | - വാർഡ് മെമ്പർ |
| അഭിജിത് ശശി | - വാർഡ് മെമ്പർ |
| ബിൽബി പ്രദീപ് | - വാർഡ് മെമ്പർ |

# മാങ്കുളം ഗ്രാമപഞ്ചായത്ത്

## ജീവനക്കാർ

| | |
|---|---|
| 1. ശ്രീ.അശോക് കുമാർ .എസ് | (സെക്രട്ടറി) |
| 2. ശ്രീ.ജോയ് എൻ | (അസ്സി.സെക്രട്ടറി) |
| 3. ശ്രീ. സോമൻ. വി | (ഹെഡ് ക്ലാർക്ക്) |
| 4. ശ്രീ. ഷാനവാസ് കെ.എസ് | (അക്കൗണ്ടന്റ്) |
| 5. ശ്രീ. സെയ്തു കെ .ഷമീർ | (സീനിയർ ക്ലാർക്ക്) |
| 6. ശ്രീ. അജിമോൻ വി.കോര | (സീനിയർ ക്ലാർക്ക്) |
| 7. കുമാരി.ജോഷ്ന പി.ജെ | (ക്ലാർക്ക്) |
| 8. ശ്രീ. അജിത് പി. വർഗീസ് | (ക്ലാർക്ക്) |
| 9. ശ്രീ. അയ്യപ്പൻ കറുപ്പൻ | (ക്ലാർക്ക്) |
| 10. ശ്രീമതി.ബുഷറ എ.എ | (ഓഫീസ് അറ്റൻഡന്റ്) |
| 11. ശ്രീമതി. രമ കെ | (പി.റ്റി.എസ്) |
| 12. ശ്രീ.ജോർജ് ജെയിംസ് | (ഡ്രൈവർ) |
| 13. കുമാരി.തനുശ്രീ.തങ്കപ്പൻ | (പ്രോജക്ട് അസിസ്റ്റന്റ്) |
| 14. ശ്രീമതി .ബിനി.എൻ പോൾ | (ടെക്നിക്കൽ അസിസ്റ്റന്റ്) |
| 15. ശ്രീ മാത്യു തോമസ് | (എം.ജി.എൻ.ആർ.ഇ.ജി.എ അസിസ്റ്റന്റ് എഞ്ചിനീയർ) |
| 16.ശ്രീ ലിജുമോൻ ജോസഫ് | (എം.ജി.എൻ.ആർ.ഇ.ജി.എ ഓവർസീർ) |
| 17.ശ്രീ ബിജു അഗസ്റ്റിൻ | (എം.ജി.എൻ.ആർ.ഇ.ജി.എ അക്കൗണ്ടന്റ്) |
| 18.ശ്രീമതി രാധിക രാധാകൃഷ്ണൻ | (എം.ജി.എൻ.ആർ.ഇ.ജി.എ ഡേറ്റാ |

എൻട്രി ഓപ്പറേറ്റർ)

## എൽ.എസ്.ജി.ഡി സെക്ഷൻ

19.ശ്രീ .ദീപേഷ് പി.നാഥ് (അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി, ഇൻ-ചാർജ്))

20.ശ്രീമതി.ഉഷാദേവി വി.ജി (ഓവർസിയർ, എൽ.എസ്.ജി.ഡി)

21.ശ്രീമതി.ആതിര ഷിബു (ക്ലാർക്ക് കം ഓവർസിയർ)

22.കുമാരി.ഗംഗ സി. (അക്രഡിറ്റഡ് ഓവർസിയർ)

# മാങ്കുളം ഗ്രാമപഞ്ചായത്ത്

## നിർവ്വഹണ ഉദ്യോഗസ്ഥർ

1. ശ്രീ.അശോക് കുമാർ .എസ് (സെക്രട്ടറി, മാങ്കുളം ഗ്രാമപഞ്ചായത്ത്)
2. ശ്രീ. ദീപേഷ് പി.നാഥ് (അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മാങ്കുളം)
3. ശ്രീമതി. നിതിഷ .കെ (കൃഷി ഓഫീസർ, കൃഷി ഓഫീസ്, മാങ്കുളം)
4. ഡോ.അർജുൻ സാബു (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മാങ്കുളം)
5. ഡോ.വിശാഖ് എസ്.നായർ (വെറ്ററിനറി സർജ്ജൻ,വെറ്ററിനറി ഡിസ്പെൻസറി, മാങ്കുളം)
6. ശ്രീമതി.മേരി ഉർമിസ് പി. (ഐ.സി.ഡി.എസ് സൂപ്പർവൈസർ)
7. ശ്രീ.എബിൻ കെ.റ്റി (വി.ഇ.ഒ, മാങ്കുളം ഗ്രാമപഞ്ചായത്ത് (മാങ്കുളം സർക്കിൾ))
8. ശ്രീമതി.ജെസ്സി ആന്റണി (ഹെഡ്മാസ്റ്റർ, ചിക്കണംകുടി ഗവ.എൽ.പി. സ്കൂൾ)
9. ശ്രീ.റെജികുമാർ എ.സി (ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ദേവികുള

ഫോട്ടോ

പ്രസിഡന്റ്

# മാങ്കുളം ഗ്രാമപഞ്ചായത്ത്

# ബഡ്ജറ്റ് 2026-2027

മാന്യരെ,

2025 ൽ പുതുതായി അധികാരമേറ്റെടുത്ത മാങ്കുളം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ ആദ്യത്തെ ബജറ്റാണ് ഇന്ന് ഇവിടെ അവതരിപ്പിക്കുന്നത്. ഈ ഭരണ സമിതിയുടെ ആദ്യത്തെ ബജറ്റാണ് എന്നതിനാൽ ഈ ഭരണസമിതിയുടെ തുടർന്നുള്ള കാലയളവിൽ പഞ്ചായത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളിൽ വളരെയേറെ മുന്നേറ്റം കൈവരിക്കുന്നതിനുതകുന്ന രീതിയിലാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. മുൻകാല ഭരണസമിതികൾ മുന്നോട്ട് വെച്ച നല്ല കാഴ്ചപ്പാടുകളും വികസന സ്വപ്നങ്ങളും പിന്തുടർന്ന് കൊണ്ട് തന്നെയാണ് ഈ ഭരണസമിതിയും മുന്നോട്ട് പോകുന്നത്. കഴിഞ്ഞ വർഷങ്ങളിലെ പോരായ്മകൾ പരിഹരിച്ച് മുന്നോട്ട് പോകുന്നതിന് ഈ ഭരണ സമിതി പ്രതിജ്ഞാബദ്ധമാണ്. മുൻ വർഷങ്ങളിലേതു പോലെ ഈ വർഷവും മാങ്കുളം ഗ്രാമ പഞ്ചായത്ത് ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്ന ആശയത്തിലുന്നി തന്നെയാണ് ബജറ്റ് തയ്യാറാക്കിയത്. കെ സ്മാർട്ട് മുഖേന ബജറ്റ് തയ്യാറാക്കുന്നതിന് വേണ്ടി അക്ഷീണം പ്രയത്നിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയേയും ജീവനക്കാരേയും അനുമോദിക്കുന്നു.

ടൂറിസം മേഖലയിൽ മാങ്കുളം ഗ്രാമ പഞ്ചായത്ത് അതിവേഗം പുരോഗമിച്ചു കൊണ്ടിരിക്കുന്നുവെങ്കിലും അടിസ്ഥാന സൌകര്യങ്ങൾ ഇനിയും വികസിക്കണം.. അതിന് പരിഹാരം കാണുന്നതിനാവശ്യമായ രീതിയിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ശുചിത്വം, കുടിവെള്ളം, ആരോഗ്യം എന്നീ പരസ്പരം ബന്ധപ്പെടുന്ന മേഖലകളിൽ നമുക്ക് ഇനിയും ഒട്ടേറേ

കാര്യങ്ങൾ ചെയ്യാൻ സാധിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ എല്ലാ വിഭാഗത്തിലും പെട്ട പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനം ലക്ഷ്യം വെച്ചു കൊണ്ടുള്ള വികസനമുന്നേറ്റത്തിന് ആവശ്യമായ പദ്ധതികൾക്ക് നിങ്ങളേവരുടെയും സഹകരണവും പിന്തുണയും നിർദ്ദേശങ്ങളും അഭ്യർത്ഥിച്ചുകൊണ്ട് മാങ്കുളം ഗ്രാമ പഞ്ചായത്തിന്റെ 2026-27 വർഷത്തെ വാർഷിക ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് വേണ്ടി ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ഷൈനി മാത്യുവിനെ ക്ഷണിക്കുകയാണ്.

അഭിവാദ്യങ്ങളോടെ

സാജു ജോസ്

പ്രസിഡന്റ്,

മാങ്കുളം ഗ്രാമപഞ്ചായത്ത്

മാങ്കുളം,

05.03.2026

ഫോട്ടോ

പ്രസിഡന്റ്

# മാങ്കുളം ഗ്രാമപഞ്ചായത്ത്

# ബഡ്ജറ്റ് 2026-2027

മാന്യരെ,

2025 ൽ പുതുതായി അധികാരമേറ്റെടുത്ത മാങ്കുളം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ ആദ്യത്തെ ബജറ്റാണ് ഇന്ന് ഇവിടെ അഭിമാന പൂർവ്വം അവതരിപ്പിക്കുന്നത്. കേരള പഞ്ചായത്ത് രാജ് സെക്ഷൻ 175 പ്രകാരം തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ സാമ്പത്തിക വർഷത്തിനും മുന്നോടിയായി പ്രത്യേക യോഗത്തിൽ അംഗീകരിക്കേണ്ടതുണ്ട്.

2026-27 വർഷത്തേക്കുള്ള ബജറ്റാണ് ഇന്ന് ഇവിടെ അവതരിപ്പിക്കുന്നത്. ഇന്നത്തെ ബജറ്റവതരണത്തിന്റെ പ്രത്യേകത ജൻഡർ കാഴ്ചപ്പാട് ഉള്ളതും പെർഫോമൻസ് വിലയിരുത്തി തയ്യാറാക്കിയതും ആണ് എന്നതാണ്. ജൻഡർ ബജറ്റ് എന്നത് പാർശ്വ വൽക്കരിക്കപ്പെടുന്ന ജന വിഭാഗങ്ങളുടെ (ഭിന്ന ശേഷി, സ്ത്രീകൾ, എസ്.സി/എസ്.ടി, വയോജനങ്ങൾ, ട്രാൻസ്ജെൻഡർ തുല്യ അവസര സമത്വം ലക്ഷ്യമാക്കുന്ന ബജറ്റ് എന്നാണ്.

ഐക്യരാഷ്ട്ര സംഘടനയും കേന്ദ്ര സർക്കാരും അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും നാനാ വിധത്തിലുള്ള ആവശ്യങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ട് കേരള സർക്കാരിന്റെ 2026-27 ബജറ്റിലെ അനക്സ്സർ 4 ലെ വകയിരുത്തലുകൾക്കനുസരിച്ചാണ് ചെലവുകൾക്ക് തുക നീക്കി വച്ചിട്ടുള്ളത്. സർക്കാരിന്റെ ഫണ്ടുകളിലുള്ള

ഏറ്റക്കുറച്ചിലുകൾക്കനുസൃതമായും പഞ്ചായത്തിന്റെ 2026-27 വാർഷിക പദ്ധതി പുതുക്കുന്നതിനനുസരിച്ചും ഈ ബജറ്റ് പുതുക്കേണ്ടതുണ്ട്. നിങ്ങളേവരുടെയും സഹകരണത്തോടെ മാങ്കുളം ഗ്രാമ പഞ്ചായത്തിന്റെ 2026-27 വർഷത്തെ വാർഷിക ബജറ്റ് ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയാണ്.

മാങ്കുളം

05.03.2026

ഷൈനി മാത്യു
വൈസ് പ്രസിഡന്റ്,
മാങ്കുളം ഗ്രാമ പഞ്ചായത്ത്

മാന്യരെ,

മാങ്കുളം ഗ്രാമ പഞ്ചായത്ത് ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന 123 ച.കി.മീ വിസ്തൃതിയുള്ള ഗ്രാമ പഞ്ചായത്താണ്. വടക്ക് ഇടമലക്കുടി ഗ്രാമ പഞ്ചായത്തും, തെക്ക് പള്ളിവാസൽ ഗ്രാമ പഞ്ചായത്തും, പടിഞ്ഞാറ് കുട്ടമ്പുഴ ഗ്രാമ പഞ്ചായത്തും,കിഴക്ക് മൂന്നാർ ഗ്രാമ പഞ്ചായത്തും അതിർത്തി പങ്കിടുന്നു.

ദേവികുളം താലൂക്കിലെ മാങ്കുളം വില്ലേജിൽ ഉൾപ്പെടുന്ന മാങ്കുളം ഗ്രാമ പഞ്ചായത്ത് അടിസ്ഥാന പരമായി ഒരു കാർഷിക ഗ്രാമമാണ്. ഏലം, കുരുമുളക്, ജാതി, കൊക്കോ,റബ്ബർ എന്നിവയാണ് പ്രധാന കാർഷിക വിളകൾ.

നിലവിൽ ഗ്രാമ പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗം കെട്ടിട നികുതിയും തൊഴിൽ നികുതിയുമാണ്. 14 വാർഡുകൾ ഉള്ള മാങ്കുളം ഗ്രാമ പഞ്ചായത്തിൽ 4500 കുടുബങ്ങളിലായി 9595 (2011 സെൻസസ്) ജനസംഖ്യയാണ് ഉള്ളത്. അതിൽ 4732 സ്ത്രീകളും 4863 പുരുഷന്മാരുമാണ് ഉള്ളത്. ജനസംഘ്യയിൽ 490 പേർ പട്ടിക ജാതി വിഭാഗത്തിൽ പെട്ടവരും 2099 പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരുമാണ്.

കേരള പഞ്ചായത്ത് രാജ് സെക്ഷൻ 214 പ്രകാരമാണ് ഗ്രാമ പഞ്ചായത്തുകൾ ബജറ്റ് അവതരണം നടത്തുന്നത്. 2026-27 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച് വെറ്റിംഗ് കൂടി ലഭിച്ചാൽ മാത്രമേ ഗ്രാമപഞ്ചായത്തിന്റെ ബജറ്റിന് കൂടുതൽ കൃത്യതയും വ്യക്തതയും കൈവരികയുള്ളൂ.

കെട്ടിട നികുതി, തൊഴിൽ നികുതി എന്നീ നികുതി വരുമാനങ്ങളും വാടക, കെട്ടിട നിർമ്മാണ പെർമിറ്റ്, ലൈസൻസ് ഫീസ്, വിവാഹ രജിസ്ട്രേഷൻ,ഫൈൻ, തുടങ്ങിയ നികുതിയേതര വരുമാന മാർഗ്ഗങ്ങളും ചേർന്നതാണ് പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സ്. തനത് ഫണ്ടിൽ നിന്ന് എസ്റ്റാബ്ലിഷ്മെന്റ്, ഭരണ ചെലവുകൾ ആണ് മുഖ്യമായും ചെവ് നേരിടുന്നത്. ഇത് കാലാകാലമായി വർദ്ധിച്ച് വരുന്നു. ഭരണ ചെലവുകൾ

പ്രധാനമായും തെരുവ് വിളക്ക് , വൈദ്യുതി ചാർജ്ജ്,വാഹന വാടക എന്നിവയാണ്.

പാശ്ചാത്തല മേഖലയിലെ വിവിധ നിർമ്മാണ പ്രവർത്തികളിലും, സേവന മേഖലയിലെ വാങ്ങൽ ഉല്പന്നങ്ങളുടെ ഗുണ നിലവാരം, കൂടുതൽ ആസ്തി വികസനത്തിനും ആസ്തി സംരക്ഷിക്കുന്നതിനും സഹായകരമാണ്. നിർമ്മാണ പ്രവർത്തികളിൽ കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിൽ കൃത്യമായ ഗുണ നിലവാരവും ലക്ഷ്യവും സുരക്ഷതിത്വവും പാലിക്കപ്പെടേണ്ടതാണ്.

ഉല്പാദന മേഖലയിൽ തൊഴിൽ വ്യവസായ മേഖലകളിൽ വകയിരുത്തുന്ന തുകകൾ യഥാവിധി ചെലവഴിക്കപ്പെടണം. കൃത്യമായ പദ്ധതി ലക്ഷ്യം കൈവരിക്കാൻ ഈ മേഖലയിൽ ഉണർവ് ഉണ്ടാകണമെന്നതിൽ തർക്കമില്ല. എങ്കിലേ പ്രസ്തുത വകയിരുത്തലുകൾ കൊണ്ട് പ്രയോജനമുണ്ടാകൂ. പദ്ധതിയിനത്തിൽ വികസന ഫണ്ടിൽ പൊതുവിഭാഗ വിഹിതവും പട്ടികജാതി വിഭാഗവും (എസ്.സി.പി) ആണ് ഉള്ളത്. ആസ്തി വികസനത്തിൽ റോഡ്, റോഡിതര വിഹിതവും ഉൾപ്പെടുന്നു. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുതലായവ ഉൾപ്പടുത്തുന്നുണ്ട്. മേഖലാ വിഭജനവും നിർബന്ധിത വകയിരുത്തലുകളും കൃത്യമായ രീതിയിൽ ചെയ്യാൻ സാധിക്കണം.

നമുക്ക് കണ്ടെത്താൻ സാധിക്കുന്ന പുതിയ നികുതികളും ഫീസുകളും സംബന്ധിച്ചും മറ്റ് നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ടും ആണ് 2026-27 വർഷത്തെ ബജറ്റ് തയ്യാറാക്കിയിരുക്കുന്നത്. ഉല്പാദന - സേവന മേഖലയ്ക്ക് പ്രാധാന്യം നൽകി കൊണ്ട്, സദ്ഭരണ മേഖലയിലൂന്നിയ സാമൂഹ്യ ജന്റർ ബജറ്റ് ആണ് ഇവിടെ അവതരിപ്പിക്കുന്നത് .

സംസ്ഥാന സർക്കാരിന്റെ തനതു ബജറ്റ് വിഹിതമായി ലഭിച്ച 4,29,94000/- (4 കോടി 29 ലക്ഷത്തി 94 ആയിരം) രൂപയും കേന്ദ്രാവിഷ്കൃത ഫണ്ട്,സംസ്ഥാനാവിഷ്കൃത ഫണ്ട്,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം,ഹഡ്കോ ലോൺ എന്നിവയിൽ നിന്നും ഉൾപ്പെടെ ആകെ 321381750/-(32 കോടി 13 ലക്ഷത്തി 81 ആയിരത്തി 750) രൂപ വരവും 313762104/- (31 കോടി 37 ലക്ഷത്തി 62 ആയിരത്തി 104 രൂപ) ചിലവും 7619646/-(76 ലക്ഷത്തി 19 ആയിരത്തി 646) രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റാണ് അവതരിപ്പിക്കുന്നത്.

# ഉല്പാദന മേഖല

ഉത്പാദന മേഖലയ്ക്ക് 77,87,310/- രൂപയാണ് ഈ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.ജൈവവള വിതരണത്തിന് 17,65,960/- രൂപയും പച്ചക്കറി കൃഷിയ്ക്ക് മൺച്ചട്ടിയും തൈകളും വിതരണം ചെയ്യുന്നതിന് 14,97,750/- രൂപയും വകയിരുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | എബിസി പദ്ധതി | 50000 |
| 2 | കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം | 400000 |
| 3 | ക്ഷീരകർഷകന് പാലിന് സബ്സിഡി | 1200000 |
| 4 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | 500000 |
| 5 | കോഴി കുഞ്ഞ് വിതരണം ജനറൽ | 378950 |
| 6 | ജൈവവള വിതരണം ജനറൽ | 1367400 |
| 7 | ജൈവവളവിതരണം എസ് റ്റി | 296800 |
| 8 | ജൈവവളവിതരണം എസ് സി | 101760 |
| 9 | പച്ചക്കറി കൃഷിക്ക് മൺ ചട്ടിയും തൈകളും വിതരണം ജനറൽ | 1197000 |
| 10 | പച്ചക്കറി കൃഷിക്ക് മൺ ചട്ടിയും പച്ചക്കറിത്തൈകളും വിതരണം എസ് സി | 100800 |

| | | |
|---|---|---|
| 11 | പച്ചക്കറി കൃഷിക്ക് മൺ ചട്ടിയും തൈകളും വിതരണം എസ് റ്റി | 199950 |
| 12 | കോഴിക്കുഞ്ഞ് വിതരണം-എസ്സ്സി | 53950 |
| 13 | കോഴിക്കുഞ്ഞ് വിതരണം-എസ് റ്റി | 107900 |
| 14 | പോത്തുകുട്ടി വിതരണം ജനറൽ | 592000 |
| 15 | പോത്തുകുട്ടി വിതരണം എസ്റ്റി | 192000 |
| 16 | പോത്തുകുട്ടി വിതരണം എസ്സ്സി | 64000 |
| 17 | കവുങ്ങ് തൈ വിതരണം ജനറൽ | 266640 |
| 18 | കവുങ്ങ് തൈ വിതരണം എസ് റ്റി | 100800 |
| 19 | കവുങ്ങ് തൈ വിതരണം എസ് സി | 100800 |
| 20 | ടിഷ്യുകൾച്ചർ വാഴത്തൈ വിതരണം ജനറൽ | 99990 |
| 21 | ടിഷ്യുകൾച്ചർ വാഴത്തൈകൾ വിതരണം എസ് സി | 49980 |
| 22 | ടിഷ്യുകൾച്ചർ വാഴത്തൈ വിതരണം എസ് റ്റി | 99990 |
| 23 | ഫലവൃക്ഷത്തൈ വിതരണം ജനറൽ | 266600 |
| | ആകെ | 7787310 |

# പശ്ചാത്തലം

പശ്ചാത്തല മേഖലയ്ക്ക് 1 കോടി 19 ലക്ഷത്തി അമ്പത്തിനാലായിരത്തി മുന്നൂറ് രൂപയാണ് ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.സർവ്വീസ് സ്റ്റേഷൻ മുതൽ താലുംകണ്ടം സിറ്റി വരെയുള്ള റോഡ് മെയിൻറനൻസിന് 15 ലക്ഷം രൂപയും സുകുമാരൻകട-പാമ്പുംകയം റോഡ് മെയിൻറനൻസിന് 15 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | താളുംകണ്ടം വേലിയാംപാറ ഉന്നതി റോഡ് കോൺക്രീറ്റ്-വാർഡ് 10 | **359050** |
| 2 | ട്രാൻസ്ഫോർമർ ശേവൽകുടി റോഡ് കോൺക്രീറ്റിംഗ് വാർഡ്-2 | **359050** |
| 3 | സിങ്കുകുടി ധ്വരരാജ് പടി കള്ളകുട്ടികുടി റോഡ് കോൺക്രീറ്റ് വാർഡ് -3 | **359050** |
| 4 | കണ്ടത്തിക്കുടി മുതൽ കമ്പനിക്കുടി വരെ റോഡ് കോൺക്രീററ് | **359050** |
| 5 | അലഞ്ചപ്പൻപിള്ള റോഡ് കോൺക്രീറ്റ് | **359050** |
| 6 | ശശി തൊണ്ടൻപ്ലാക്കൽ റോഡ് ശശി മല്ലയ്യൻ റോഡ് കോൺക്രീററ് | **359050** |
| 7 | പുളിന്തിട്ടപ്പടി നടപ്പാലം നിർമാണം | **200000** |
| 8 | പുറമഠംപടി -കവിതക്കാട് റോഡ് കോൺക്രീറ്റ് | **200000** |
| 9 | കുന്നേൽ സണ്ണിപ്പടി മുതൽ സുകുമാരൻ കുപ്പേലാനിയ്ക്കൽ റോഡ് കോൺക്രീറ്റ് | **200000** |
| 10 | തടത്തിൽ ഷാജിപ്പടി - സെന്റ് ജൂഡ് പള്ളിപടി റോഡ് കോൺക്രീറ്റ് | **200000** |
| 11 | കുന്നത്തുപ്പടി-അന്തീനാട്ടുപടി റോഡ് കോൺക്രീറ്റിംഗ് | **200000** |
| 12 | പന്തനാനിയ്ക്കൽപടി-പുന്നക്കുഴി റോഡ് കോൺക്രീറ്റിംഗ് വാർഡ് -6 | **200000** |
| 13 | കിഴിക്കണ്ടേൽപ്പടി മുതൽ ബിജു പാറയിൽ റോഡ് കോൺക്രീറ്റ്- വാർഡ് 8 | **200000** |
| 14 | കാക്കുന്നേൽപ്പടി - വരവ്കാലായിൽപ്പടി റോഡ് കോൺക്രീറ്റ് | **200000** |
| 15 | കടുവാതൂക്കിൽപടി മുതൽ സിനോപ്പടി റോഡ് കോൺക്രീറ്റ് | **200000** |

| | | |
|---|---|---|
| 16 | വരിക്കയിൽപ്പടി മുതൽ പുത്തൻപുരയ്ക്കൽ പടിവരെ റോഡ് കോൺക്രീറ്റ് | **200000** |
| 17 | കളത്തൂർപ്പടി 96 റോഡ് കോൺക്രീറ്റിംഗ് വാർഡ് 13 | **200000** |
| 18 | കൃഷി ഓഫീസ് മെയിൻറ്നന്ൻസ് | **400000** |
| 19 | ആയുർവേദ ആശുപത്രിക്ക് വയറിംഗ് | **100000** |
| 20 | വിരിപറ സബ് സെന്റർ മെയിൻറനൻസ് | **400000** |
| 21 | കാകുന്നേൽപടി മതിയിടത്ത് പടി റോഡ് കോൺക്രീറ്റ് | **200000** |
| 22 | സർവീസ് സ്റ്റേഷൻ മുതൽ തളുംകണ്ടം സിറ്റി വരെ റോഡ് മെയ്ന്റനാൻസ് | **1500000** |
| 23 | സുകുമാരൻകട - പാമ്പുംകയം റോഡ് മെയ്ന്റനാൻസ് | **1500000** |
| 24 | താളുങ്കണ്ടം സിറ്റി മുതൽ താളുങ്കണ്ടം ഉന്നതി വരെ റോഡ് മെയ്ന്റനാൻസ് | **3000000** |
| 25 | പുതനപ്രപടി മുതൽ തറപേൽ പടി വരെ റോഡ് സംരക്ഷണ ഭിത്തി | **200000** |
| 26 | പാമ്പുംകയം കുരിശുമല റോഡ് കോൺക്രീറ്റ്-വാർഡ് 8 | **200000** |
| 27 | ശേവൽകുടി സബ്സെന്റർ വയറിംഗ് | **100000** |
| | ആകെ | 11954300 |

## സേവന മേഖല

സേവന മേഖലയ്ക്കായി 17,30,93,980( 17 കോടി 30 ലക്ഷത്തി 93 ആയിരത്തി 980) രൂപ വകയിരുത്തിയിട്ടുണ്ട്.ഇതിൽ ലൈഫ്ഭവന പദ്ധതിക്ക് 15,22,45,000/-(15 കോടി 22 ലക്ഷത്തി 45 ആയിരം) രൂപയും വന്യമൃഗ ശല്യത്തിന് പ്രതിരോധ സംവിധാനം ഏർപ്പെടുത്തുന്നതിന് 12,49,800/-(12 ലക്ഷത്തി 49 ആയിരത്തി 800)രൂപയും അങ്കണവാടി പോഷകാഹാര വിതരണത്തിന് 20 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | എസ് എസ് എ വിഹിതം നൽകൽ | 100000 |
| 2 | എസ് എസ് എ വിഹിതം നൽകൽ | 50000 |
| 3 | എസ് എസ് എ വിഹിതം നൽകൽ- എസ് റ്റി | 50000 |
| 4 | ഐ കെ എം വിഹിതം നൽകൽ | 100000 |
| 5 | പദ്ധതി രൂപീകരണ നിർവഹണ ചെലവുകൾ | 150000 |
| 6 | ഘടക സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ | 200000 |
| 7 | കേരളോത്സവം | 150000 |
| 8 | ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ | 500000 |
| 9 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 300000 |
| 10 | ടെക്നിക്കൽ അസിസ്റ്റന്റിനു വേതനം നൽകൽ | 411000 |
| 11 | വന്യമൃഗശല്യത്തിന് പ്രതിരോധ സംവിധാനം | 1249800 |
| 12 | ഹരിതകർമ്മ സേന - റിജക്ട് കയറ്റി അയയ്ക്കുന്നതിന് തുക നൽകൽ | 50000 |
| 13 | ലൈഫ് ഭവന പദ്ധതി - എസ് സി പി | 17738300 |

| | | |
|---|---|---|
| 14 | ലൈഫ് ഭവന പദ്ധതി - ജനറൽ | 64120000 |
| 15 | കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ | 600000 |
| 16 | അമ്പതാംമൈൽ പകൽവീടിന് ഭക്ഷണം നൽകൽ-2026-27 | 100000 |
| 17 | ചിക്കണംകുടി എൽ പി സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകൽ | 400000 |
| 18 | അതിദരിദ്രർക്ക് ഭക്ഷണം നൽകൽ-മൈക്രോപ്ലാൻ 2026-27 | 700000 |
| 19 | ചിക്കണംകുടി എൽ പി സ്കൂൾ പ്രവേശനോത്സവം | 100000 |
| 20 | ലൈഫ് ഭവന പദ്ധതി - റ്റി എസ് പി | 70386700 |
| 21 | ഭിന്നശേഷി സ്കോളർഷിപ്പ്-2026-27 | 500000 |
| 22 | സ്കൂൾ കുട്ടികൾക്ക് യോഗ പരിശീലനം | 200000 |
| 23 | പി എംഎവൈ - ജനറൽ | 1589800 |
| 24 | പി എം എ വൈ -എസ് സി | 910000 |
| 25 | അങ്കണവാടി പോഷകാഹാര വിതരണം-ജനറൽ-2026-27 | 2000000 |
| 26 | പി എംഎവൈ - എസ് റ്റി | 640000 |
| 27 | കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർ 2026-27 | 204000 |
| 28 | വയോജനങ്ങളായ കിടപ്പു രോഗികൾക്ക് ഭക്ഷണം നൽകൽ 2026-27 | 100000 |
| 29 | വയോജനങ്ങൾക്ക് ഉപകരണം നൽകൽ 2026-27 | 459460 |
| 30 | മൃഗാശുപത്രി മെയിൻറ്നൻസ് | 340000 |
| 31 | വിരിപറ 56 അം നമ്പർ അംഗനവാടി മെയ്ന്റനൻസ് | 400000 |
| 32 | ശേവൽകുടി 58 അം നമ്പർ അംഗൻവാടി മെയ്ന്റനാൻസ് | 400000 |
| 33 | ആനക്കുളം 64 നമ്പർ അംഗനവാടി മെയ്ന്റനാൻസ് | 300000 |

| | | |
|---|---|---|
| 34 | വേലിയാംപാറ 65 നമ്പർ അംഗൻവാടി മെയ്ന്റനൻസ് | 400000 |
| 35 | സിങ്ക് കൂടി 71 നമ്പർ അംഗനവടി | 400000 |
| 36 | കമ്പനികുടി 73 നമ്പർ അംഗനവടി മെയ്ന്റനൻസ് | 350000 |
| 37 | കള്ളക്കുട്ടി കുടി 81 നമ്പർ അംഗനവടി മെയ്ന്റനാൻസ് | 400000 |
| 38 | ആറാംമൈൽ 63 നമ്പർ അംഗൻവാടി മെയ്ന്റനാൻസ് | 100000 |
| 39 | കൌമാരക്കാരായ കുട്ടികൾക്ക് പോഷകാഹാരം 2026-27 | 300000 |
| 40 | വിരിഞ്ഞപ്പാറ 59 ആം നമ്പർ അംഗൻവാടി മെയിൻറ്നനസ് | 200000 |
| 41 | ചിക്കണാംകുടി 70 അം നമ്പർ അംഗനവാടി മെയ്ന്റനൻസ് | 100000 |
| 42 | വയോജനങ്ങൾക്ക് കമ്പിളി പുതപ്പ് വിതരണം 2026-27 | 700000 |
| 43 | എ ഇ ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിൻറർ വാങ്ങൽ | 150000 |
| 44 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം 2026-27 | 500000 |
| 45 | വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം-2026-27 | 200000 |
| 46 | ഐസിഡിഎസ് ഓഫീസ്-ഘടകസ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾ-2026-27 | 50000 |
| 47 | സ്കൂൾ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം | 160000 |
| 48 | വീട് മെയിൻ്റനൻസ്- തുക നൽകൽ | 1010000 |
| 49 | ജിം- ഉപകരണങ്ങൾ വാങ്ങലും സൌകര്യം ഒരുക്കലും | 1614920 |
| 50 | ആശ്രയ | 50000 |
| 51 | മൃഗാശുപത്രിക്ക് കമ്പ്യൂട്ടർപ്രിന്റർഫർണിച്ചർ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-2026-27 വാങ്ങൽ | 250000 |
| 52 | അങ്കണവാടികളിൽ വൈഫൈ കണക്ഷൻ എടുക്കൽ | 10000 |
| 53 | കൃഷിഭവനിലേയ്ക്ക് കമ്പ്യൂട്ടർ ഫർണിച്ചർ വാങ്ങൽ | 200000 |

| | | |
|---|---|---|
| 54 | കോഴിയളകുടി 80നമ്പർ അംഗൻവാടി മെയ്ന്റനാൻസ് | 400000 |
| 55 | തെരുവുനായ വാക്സിനേഷൻ | 50000 |
| | ആകെ | 173093980 |

മുൻ വർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തിലെ മികവുകളും പോരായ്മകളും വിലയിരുത്തി പോരായ്മകൾ പരിഹരിച്ചും കൂടുതൽ മികവുറ്റ പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയും വികസനോന്മുഖമായ ബഡ്ജറ്റ് തയ്യാറാക്കുക എന്ന ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന് സഹായിച്ച ഭരണസമിതിയിലുള്ള സഹപ്രവർത്തകരോടും നിർവ്വഹണ ഉദ്യോഗസ്ഥർ അടക്കമുള്ള ഉദ്യോഗസ്ഥ വൃന്ദത്തോടുമുള്ള നിസ്സീമമായ കടപ്പാട് രേഖപ്പെടുത്തിക്കൊണ്ട് ഈ ബഡ്ജറ്റ് സമർപ്പിച്ചുകൊള്ളുന്നു

എന്ന്,

സ്നേഹപൂർവ്വം

ഷൈനി മാത്യു

വൈസ് പ്രസിഡന്റ്,

മാങ്കുളം ഗ്രാമപഞ്ചായത്ത്